DESPATCHED On. 05/03/2020

21/1/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2250*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15753**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.അനിൽകുമാർ കെ,**
**കടയിൽ വീട്, പുല്ലയിൽ പി.ഒ,**
**ചെറുക്കാരം, കിളിമാനൂർ,**
**തിരുവനന്തപുരം – 695 601.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **പുളിമാത്ത് ഗ്രാമപഞ്ചായത്ത്,**
   **കാരേറ്റ്, വാമനപുരം പി.ഒ, പിൻ – 695606.**

2. **അപ്പീൽ അധികാരി,**
   **പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസ്,**
   **സിവിൽ സ്റ്റേഷൻ, നാലാംനില, കുടപ്പനക്കുന്ന് പി.ഒ,**
   **തിരുവനന്തപുരം – 695 043.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.05.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.05.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25.06.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 12.07.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 26.09.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 01.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 17.01.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>അപ്പീൽ ഹർജിക്കാരൻ<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | <br>ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. അനിൽ കുമാർ കെ., 26.09.2019 ന് സമർപ്പിച്ച അപ്പീൽ ഹർജി 01.10.2019 ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2250(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭ്യമായില്ലായെന്നും ടിയാന്റെ അപേക്ഷയിൽ അറിയുവാനുള്ള കാര്യങ്ങൾക്ക് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്ന മറുപടിയാണ് നൽകിയതെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 02.05.2019 ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കാരേറ്റ് നഗരൂർ റോഡിൽ റോഡിന്റെ അതിർത്തിയിൽ നിന്നും എത്രമീറ്റർ ദൂരത്തിലാണ് വീട് വയ്ക്കുന്നതിന് പഞ്ചായത്ത് ആക്ട് പ്രകാരം അനുമതി പത്രം നൽകുന്നത്, ഇപ്രകാരം നിശ്ചിത ദൂരപരിധിയിൽ ആദ്യം വീട് വച്ച് നമ്പരിട്ട് വാങ്ങിയശേഷം ദൂരപരിധി ലംഘിച്ച് റോഡിലോട്ടിറക്കി കോൺക്രീറ്റ് പണികളും മറ്റും നടത്തുകയും ഈ വിവരം വാക്കാൽ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടും ബന്ധപ്പെട്ട പഞ്ചായത്തധികാരി suo-moto ആയി നടപടിയൊന്നും സ്വീകരിക്കാതിരിക്കുന്നത് അനധികൃത കെട്ടിടനിർമ്മാണക്കാരെ സഹായിക്കുന്നതിന് തുല്യമാണോ എന്ന് വ്യക്തമാക്കുക എന്ന് തുടങ്ങി 3 ചോദ്യങ്ങളും 3 ഉപചോദ്യങ്ങളുമായിരുന്നു.

4. ഒന്നാം എതിർകക്ഷി 26.11.2019 ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 02.05.2019 ൽ നൽകിയ അപേക്ഷയിന്മേൽ തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ലെന്ന് കാണിച്ച് സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷയിന്മേൽ 12.07.2019 ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ പകർപ്പ് അപ്പീൽ ഹർജിക്കാരന്

ലഭ്യമാക്കുകയും ചെയ്തു. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ചിരുന്ന വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷയിലെ 2(എ) യിലെ വിവരങ്ങൾ വിവരാവകാശ നിയമം വകുപ്പ് 2(എഫ്) ന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാലാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപ്രകാരം മറുപടി നൽകിയതെന്നും ചോദ്യങ്ങൾ/ വ്യാഖ്യാനങ്ങൾ/ വിശദീകരണങ്ങൾ എന്നിവ വിവരാവകാശ നിയമം വകുപ്പ് 2(എഫ്) ന്റെ നിർവചനത്തിൽ വരുന്നതല്ലായെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായും ചോദ്യങ്ങൾ/ വ്യാഖ്യാനങ്ങൾ/ വിശദീകരണങ്ങൾ/ സംശയനിവാരണം എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവയല്ലായെന്നും കമ്മീഷൻ വിലയിരുത്തുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ മൂന്നാമത്തെ ചോദ്യം വിവരാവകാശ നിയമം വകുപ്പ് 2(എഫ്) ന്റെ പരിധിയിൽ വരുന്നവയല്ലായെന്നും ആയതിനാൽ വിവരം നൽകാൻ കഴിയില്ലായെന്നും നൽകാൻ കഴിയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്. എന്നാൽ അപ്പീൽ ഹർജിക്കാരന് മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നതിൽ നൽകാൻ കഴിയുന്ന വിവരങ്ങൾ വ്യക്തമായി നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 21-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM